(ബി) 1998-99 സാമ്പത്തികവർഷത്തിൽ ആകെ പിരിവ് 2039.30 ലക്ഷം രൂപ.

(സി) 1998-99 സാമ്പത്തികവർഷം വരെ പിരിഞ്ഞുകിട്ടാനുള്ളത് ആകെ മുതൽ 81.79 ലക്ഷം രൂപ. സ്റ്റേയിൽ ഉൾപ്പെട്ടത് 7.52 ലക്ഷം രൂപ. വീണ്ടുമുള്ള മൂല്യനിർണ്ണയത്താൽ പിരിക്കാൻപറ്റാത്ത തുക 0.60 ലക്ഷം രൂപ. നിറുത്തൽ/കുറവു ചെയ്തത് 0.09 ലക്ഷം രൂപ. പിരിച്ചെടുക്കാവുന്ന തുക 73.58 ലക്ഷം രൂപ. ആകെ പിരിവ് 48.43 ലക്ഷം രൂപ.

സാമ്പത്തികവർഷം തിരിച്ചുള്ള 3/96 മുതലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

73 (1299) അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകാൻ നടപടി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചു നൽകുന്നതു സംബന്ധിച്ച നിയമത്തിൻകീഴിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; അവയുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്;

(സി) റവന്യൂ വകുപ്പിന്റെ കൈയിൽ ഉണ്ടായിരുന്ന ഭൂമി എത്ര; വനം വകുപ്പിൽനിന്നും ലഭ്യമാക്കുന്ന ഭൂമി എത്ര;

(ഡി) ഇതിൽ എത്ര ഏക്കർ ഭൂമി കൃഷിയോഗ്യമാണ്;

(ഇ) ആദിവാസികൾക്ക് എന്നുമുതൽ ഭൂമി നൽകി തുടങ്ങും; എന്നത്തേക്ക് ഇതു പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

ഉത്തരം

(എ) 4738 കുടുംബങ്ങൾക്ക് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി),(സി)&(ഡി) 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം ആദിവാസികൾക്ക് നൽകേണ്ട ഭൂമി സംബന്ധിച്ച കൃത്യമായ കണക്ക് ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ചു വരുന്നു.

(ഇ) ജൂലൈ മാസം മുതൽ നൽകി തുടങ്ങും. കഴിയുന്നതും വേഗം പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

74 (1300) കാരായ്മ കുടിയാൻമാർക്ക് കൈവശ രേഖ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

+ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

38.	The Plantation Corporation of Kerala Ltd	498.89
39.	Autocast Ltd.	918.00
40.	Traco Cable Company Ltd.	1005.59
41.	Kerala State Cashew Development Corporation Ltd.	1008.00
42.	Kerala Hitech Industries Ltd.	1159.17
43.	The Travancore Cochin Chemicals Ltd.	1275.24
44.	Kerala State Electronics Development Corporation Ltd.	2338.71
45.	Kerala State Civil Supplies Corporation Ltd.	4994.52
46.	Kerala State Road Transport Corporation	5099.78
47.	Kerala Water Authority	7321.00

അനുബന്ധം III

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 73 (1299) കാണുക

അന്യാധീനപ്പെട്ട ഭൂമി ആദിവാസികൾക്ക് തിരിച്ചു നൽകാൻ നടപടി

ജില്ല	ഭൂമി നഷ്ടപ്പെട്ട ആദിവാസി കുടുംബങ്ങൾ	നഷ്ടപ്പെട്ട ഭൂമിയുടെ അളവ്
കാസർഗോഡ്	84	151.00
വയനാട്	1806	2178.00
കണ്ണൂർ	38	19.85
കോഴിക്കോട്	1	0.87
മലപ്പുറം	62	119.09
പാലക്കാട്	1209	3420.00
തൃശ്ശൂർ	26	15.00
എറണാകുളം	4	0.23
ഇടുക്കി	559	858.71
കോട്ടയം	431	669.39
ആലപ്പുഴ	8	1.25
പത്തനംതിട്ട	85	66.22
കൊല്ലം	210	245.00
തിരുവനന്തപുരം	215	225.00
ആകെ	**4738**	**7967.00**

അനുബന്ധം IV

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 82 (1308) കാണുക

പട്ടയം നൽകുന്നതിനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള പട്ടിക

ജില്ല	1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകൾ	1995-ലെ മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകൾ
തിരുവനന്തപുരം	5100	1170
കൊല്ലം	1669	846
പത്തനംതിട്ട	1594	138

LIBRARY ARCHIVES Kerala Legislative Assembly